# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 ഫെബ്രുവരി 22**

---

## പുതിയൊരു മണ്ണിര വർഗത്തെക്കൂടി കണ്ടെത്തി; 21000 പിന്നിട്ട് എം.ജി സർവകലാശാലയിലെ ശേഖരം

*രാജ്യത്തെ രണ്ടാമത്തെ വലിയ മണ്ണിര ശേഖരത്തിൽ പുതിയൊരു മണ്ണിര വർഗം കൂടി ഇടംപിടിച്ചു. മഹാത്മാ ഗാന്ധി സർവകലാശാലയിലെ അഡ്വാൻസ്ഡ് സെന്റർ ഫോർ എൻവയോൺമെന്റൽ സ്റ്റഡീസ് ആന്റ് സസ്റ്റെയ്നബിൾ ഡവലപ് മെന്റിൽ(എ.സി.ഇ.എസ്.എസ്.ഡി) നടന്നുവരുന്ന പഠനങ്ങളുടെ ഭാഗമായാണ് അയ്യേറിയെല്ല എന്ന മണ്ണിര വർഗത്തെ കണ്ടെത്തിയത്. ഇതു സംബന്ധിച്ച പ്രബന്ധം ന്യൂസിലാൻഡിൽനിന്ന് പ്രസിദ്ധീകരിക്കുന്ന സൂടാക്സ രാജ്യാന്തര ജേണലിൽ പ്രസിദ്ധീകരിച്ചു.*

*എ.സി.ഇ.എസ്.എസ്.ഡിയിലെ ഗവേഷകൻ ഡോ. എസ്. പ്രശാന്ത് നാരായണൻ, ഡയറക്ടർ ഡോ. എ.പി. തോമസ്, സുവോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ മുൻ ജോയിന്റ് ഡയറക്ടറും ഹിമാചൽ പ്രദേശിലെ ശുലീനി സർവകലാശാലയിലെ അധ്യാപകനുമായ ഡോ. ജെ.എം. ജുൽക്ക എന്നിവരടങ്ങിയ പഠന സംഘമാണ് പത്തനംതിട്ട, കൊല്ലം, തിരുവവനന്തപുരം ജില്ലകളിലെ വനമേഖലകളിൽനിന്ന് മെഗാസ്കോളിഡേ കുടുംബത്തിൽപെട്ട ഈ മണ്ണിരകളെ കണ്ടെത്തിയത്.*

*സ്വാതന്ത്ര്യ ലബ്ധിക്കു ശേഷം കേരളത്തിൽനിന്ന് കണ്ടെത്തിയ രണ്ടാമത്തെ മണ്ണിര വർഗമാണിത്. ഇതേ വർഗത്തിൽ പെട്ട മണ്ണിരകളുടെ രണ്ട് പുതിയ സ്പീഷീസുകളെക്കൂടി എ.സി.ഇ.എസ്.എസ്.ഡി കണ്ടെത്തിയിട്ടുണ്ട്. അയ്യേറിയെല്ലാ ക്വാഡ്രിതിക നാരായണൻ ആന്റ് ജുൽക്ക 2025, അയ്യേറിയെല്ല ലോംഗി പ്രോസ്തേനു നാരായണൻ ആന്റ് ജുൽക്ക 2025 എന്നിങ്ങനെയാണ് ഇവയ്ക്ക് പേരിട്ടിരിക്കുന്നത്.*

*ഇതിൽ ആദ്യത്തെ സ്പീഷിസിൽപെട്ട മണ്ണിരകൾ കൊല്ലം, പത്തനംതിട്ട ജില്ലകളിലെ വനമേഖലകളിലാണ് കാണപ്പെടുന്നത്. രണ്ടാമത്തേത് തിരുവനന്തപുരത്തെ വനമേഖലയിലും നാട്ടിൻപ്രദേശങ്ങളിലുമുണ്ട്. പുതിയ*

*കണ്ടെത്തലുകൾ ഈ മേഖലകളിലെ ജൈവ വൈവിധ്യത്തെക്കുറിച്ചും മണ്ണിന്റെ ഘടനെയെക്കുറിച്ചുമുള്ള പഠനങ്ങൾക്ക് പ്രയോജനകരമാകുമെന്ന് വിലയിരുത്തപ്പെടുന്നു.*

*ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ തിരുവിതാം കൂർ മേഖലയിൽ മണ്ണിരകളുടെ വർഗ്ഗീകരണ പഠനങ്ങൾക്ക് നിർണായക സംഭാവനകൾ നൽകിയ ഡോ. കെ.എസ്. പത്മനാഭ ഐെയ്യരുടെ സ്മരണയ്ക്കായാണ് ഈ മണ്ണിര വർഗത്തിന് അയ്യേറിയെല്ല എന്ന പൊതുനാമം നൽകിയിരിക്കുന്നതെന്ന് ഡോ. പ്രശാന്ത് പറഞ്ഞു.*

*സുസ്ഥിര വികസനത്തിന് ഉപകരിക്കുന്ന പരിസ്ഥിതി പഠനങ്ങൾക്കായി മഹാത്മാ ഗാന്ധി സർവകലാശാലയിൽ 2010ൽ പ്രവർത്തനമാരംഭിച്ച ഇന്റർ യൂണിവേഴ്സിറ്റി സെന്ററാണ് എ.സി.ഇ.എസ്.എസ്.ഡി. മണ്ണിരകളുടെ വർഗീകരണവും തന്മാത്രാ പഠനവും ഉൾപ്പെടെ ഏഴ് ഗവേഷണ മേഖലകളിലായി ഇവിടെ പഠനങ്ങൾ നടക്കുന്നുണ്ടെന്ന് സ്ഥാപക ഡയറക്ടറായ ഡോ. എ.പി. തോമസ് പറഞ്ഞു. ഡോ. ജെ.എം. ജുൽക്കയാണ് കേന്ദ്രത്തിലെ ഗവേഷകർക്ക് പരിശീലനം നൽകുന്നത്.*

*1872 മുതൽ 2022വരെയുള്ള 150 വർഷക്കാലം ഇന്ത്യയിൽനിന്ന് കണ്ടെത്തിയ എല്ലാ മണ്ണിരകളുടെയും വിശദാംശങ്ങൾ അടങ്ങിയ പുസ്തകം എ.സി.ഇ.എസ്.എസ്.ഡി 2023ൽ പ്രസിദ്ധീകരിച്ചിരുന്നു.*

*മണ്ണിരകളുടെ ശരീരത്തിലെ സൂക്ഷ്മാണുക്കളെക്കുറിച്ചും കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുമുള്ള പഠനത്തിനായി കേരള കാർഷിക സർവകലാശാലയും സി.പി.സി.ആർ.ഐയും എ.സി.ഇ.എസ്.എസ്.ഡിയുടെ സേവനം പ്രയോജനപ്പെടുത്താറുണ്ട്. ഈ കേന്ദ്രത്തിൽ നിലവിലുള്ള 21000ലധികം വരുന്ന മണ്ണിരകളുടെ ശേഖരത്തിൽ 135 സ്പീഷിസുകളിൽപെട്ട 6500ഓളം എണ്ണത്തെ മാത്രമാണ് ഇതുവരെ തിരിച്ചറിഞ്ഞിട്ടുള്ളത്. ഇതിൽ 93 എണ്ണം കേരളത്തിൽനിന്നും ശേഷിക്കുന്നവ മറ്റു സംസ്ഥാനങ്ങളിൽനിന്നുമുള്ളവയാണ്.*

ഫോട്ടോ ക്യാപ്ഷൻ..

1) *ഡോ. പ്രശാന്ത് നാരായണൻ മഹാത്മാ ഗാന്ധി സർവകലാശാലയിലെ മണ്ണിര ശേഖരത്തിനു സമീപം*
2) *ഡോ. എ.പി. തോമസ്*
3) *ഡോ. ജെ.എം. ജുൽക്ക*

*(പി.ആർ.ഒ/39/1329/2025)*

## <u>ഗ്രൗണ്ട്സ്മാൻ കം മാർക്കർ വാക്ക്-ഇൻ-ഇൻറർവ്യൂ</u>

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആൻറ് സ്പോർട്സ് സയൻസസിൽ ഗ്രൗണ്ട്സ്മാൻ കം മാർക്കർ തസ്തികയിലെ(ഇ.ബി.ടി വിഭാഗം) ഒരൊഴിവിൽ ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനുള്ള വാക്-ഇൻ-ഇൻറർവ്യൂ മാർച്ച് മൂന്നിന് രാവിലെ 11ന് വൈസ് ചാൻസലറുടെ ചേംബറിൽ നടക്കും.*

*ഇബിടി വിഭാഗത്തിൽനിന്നും യോഗ്യരായവർ ഇല്ലെങ്കിൽ മറ്റ് സംവരണ വിഭാഗങ്ങളിലുള്ളവരെയും അവരുടെയും അഭാവത്തിൽ പൊതു വിഭാഗക്കാരെയും പരിഗണിക്കും.*

*ഏഴാം ക്ലാസ് വിജയിക്കുകയോ തത്തുല്യ യോഗ്യത നേടുകയോ ചെയ്തവരായിരിക്കണം. റൈഡ് ഓൺ മൂവർ പ്രവർത്തിപ്പിക്കുന്നതിൽ കുറഞ്ഞത് അഞ്ചു വർഷത്തെ പ്രവൃത്തിപരിചയം ഉണ്ടായിരിക്കണം. പ്രതിദിനം 645 രൂപയാണ് (പ്രതിമാസം പരമാവധി 20000 രൂപ)വേതനം. പ്രായം 2025 ജനുവരി ഒന്നിന് 50 കവിയരുത്.*

*താത്പര്യമുള്ളവർ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിനൊപ്പമുള്ള ഫോറം പൂരിപ്പിച്ച് പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം, ജാതി/ നോൺ ക്രീമിലെയർ അധിക യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സലും പകർപ്പുകളും സഹിതം രാവിലെ പത്തിന് സർവകലാശാലാ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലെ എഡി5 സെക്ഷനിൽ എത്തണം.*

*(പി.ആർ.ഒ/39/1330/2025)*

## <u>സെനറ്റ് യോഗം മാർച്ച് 27ന്</u>

*മഹാത്മാ ഗാന്ധി സർവകലാശാലാ സെനറ്റിൻറെ വാർഷിക യോഗം മാർച്ച് 27ന് രാവിലെ പത്തിന് നടക്കും.*

*(പി.ആർ.ഒ/39/1331/2025)*

## <u>പരീക്ഷയ്ക്ക് അപേക്ഷിക്കാം</u>

*അഫിലിയേറ്റഡ് കോളജുകളിലെയും സിപാസ് സ്ഥാപനങ്ങളിലേയും നാലാം സെമസ്റ്റർ ബിഎഡ് (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ 2023 അഡ്മിഷൻ റെഗുലർ, 2022 അഡ്മിഷൻ റീഅപ്പിയറൻസ്, 2021 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2020 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2019 അഡ്മിഷൻ അവസാന മെഴ്സി ചാൻസ് ദ്വിവത്സര കോഴ്സ്) പരീക്ഷകൾ ഏപ്രിൽ രണ്ടു മുതൽ നടക്കും. മാർച്ച് 12 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടു കൂടി മാർച്ച് 13 വരെയും സൂപ്പർ ഫൈനോടുകൂടി മാർച്ച് 14നും അപേക്ഷ സ്വീകരിക്കും*

........................

*ഏഴാം സെമസ്റ്റർ ഐഎംസിഎ (2021 അഡ്മിഷൻ റെഗുലർ, 2018 മുതൽ 2020 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2017 അഡ്മിഷൻ മെഴ്സി ചാൻസ്), ഏഴാം സെമസ്റ്റർ ഡിഡിഎംസിഎ (2015, 2016 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ഫെബ്രുവരി 28 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി മാർച്ച് ഒന്നു വരെയും സൂപ്പർ ഫൈനോടുകൂടി മാർച്ച് മൂന്നു വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/1332/2025)*

## പ്രാക്ടിക്കൽ

*ഒന്നാം സെമസ്റ്റർ ബിവോക്ക് ബ്രോഡ്കാസ്റ്റിംഗ് ആന്റ് ജേർണലിസം (2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2023 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്-പുതിയ സ്കീം ഡിസംബർ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ വൈവ വോസി പരീക്ഷകൾ മാർച്ച് 10, 11 തീയതികളിൽ കളമശ്ശേരി സെന്റ് പോൾസ് കോളജിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.*

..............

*ഒന്നാം സെമസ്റ്റർ ബിവോക്ക് ബിസിനസ്സ് അക്കൗണ്ടിംഗ് ആന്റ് ടാക്സേഷൻ (2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2023 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് പുതീയ സ്കീം ഡിസംബർ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ മാർച്ച് മൂന്ന്, നാല് തീയതികളിൽ മുരിക്കാശ്ശേരി പാവനാത്മാ കോളജിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

..................

*ഒന്നാം സെമസ്റ്റർ ബിവോക്ക് അപ്ലൈഡ് അക്കൗണ്ടിംഗ് ആന്റ് ടാക്സേഷൻ (2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2023 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് പുതീയ സ്കീം ഡിസംബർ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ മാർച്ച് മൂന്നിന് അങ്കമാലി മോണിംഗ് സ്റ്റാർ ഹോം സയൻസ് കോളജിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1333/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**